**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4702** **13-03-2023 - ൽ മറുപടിയ്ക്ക്**

**വിഷപ്പാമ്പുകളെ കുറിച്ച് അവബോധം സൃഷ്ടിക്കാൻ ബോധവൽക്കരണ പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വിഷപ്പാമ്പുകളുടെ കടി ഏൽക്കാതിരിക്കാനും വിഷപ്പാമ്പുകളെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കാനും വനംവകുപ്പ് പ്രത്യേക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (എ) | വിഷപാമ്പുകളുടെ കടിയേറ്റ് അപകടം ഉണ്ടാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി പാമ്പുകളെയും, പാമ്പുകടിയേൽക്കുന്ന സാഹചര്യത്തെയും, പാമ്പുകടിയേറ്റാൽ ചെയ്യേണ്ട പ്രാഥമിക ചികൽസയെയും സംബന്ധിച്ച ബോധ വൽക്കരണ ക്ലാസ്സുകൾ സ്കൂൾ, കോളേജ്, റസിഡൻസ് അസോസിയേഷൻ, ഗ്രന്ഥശാല മുതലായ സ്ഥാപനങ്ങളുടെ സഹകരണത്തോടു കൂടി നടത്തിവരുന്നു. വനം വകുപ്പിന്റെ പരിശീലനം ലഭിച്ച അംഗീകൃത വോളന്റിയർമാരാണ് ക്ലാസുകൾ നയിക്കുന്നത്. NCC,NSS യുണിറ്റുകൾ,മെഡിക്കൽ വിദ്യാർത്ഥികൾ, ഡോക്ടർമാർ എന്നിങ്ങനെ വിവിധ മേഖലയിലുള്ളവർക്ക് അനുയോജ്യരായ പരിശീലകർ നേരിട്ടും ഓൺലൈനായും ക്ലാസുകൾ എടുക്കുന്നുണ്ട്. ഇത്തരത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ ഏകദേശം നൂറിലധികം ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഇതോടൊപ്പം സമൂഹ മാധ്യമങ്ങൾ വഴിയും ആവശ്യമായ ബോധവൽക്കരണം ജനങ്ങൾക്കിടയിൽ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന വിഷപ്പാമ്പുകളെ പിടികൂടുന്നതിനും സംരക്ഷിക്കുന്നതിനും കേരളത്തിൽ ഉടനീളം സംവിധാനം ഒരുക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ? | (ബി) | ജനവാസ മേഖലകളിൽ എത്തിപ്പെടുന്ന പാമ്പുകളെ സുരക്ഷിതമായി പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ തുറന്നുവിടുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വനം വകുപ്പിൻറെ പരിശീലനം ലഭിച്ച അംഗീകൃത വോളന്റിയർമാരുണ്ട്. വനം വകുപ്പിൻറെ 'സർപ്പ' എന്ന മൊബൈൽ ആപ്പ് മുഖേനയോ നേരിട്ടോ അവരെ ബന്ധപ്പെടാവുന്നതാണ്.വോളന്റിയർമാരുടെ മൊബൈൽ നമ്പർ അടങ്ങിയ ലിസ്റ്റ് 'സർപ്പ' മൊബൈൽ ആപ്പിലും, വനംവകുപ്പിന്റെ വെബ് സൈറ്റിലും ലഭ്യമാണ്. എല്ലാ ജില്ലകളിലും 'സർപ്പ' ജില്ലാ കോർഡിനേറ്റർമാരുണ്ട്. വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് പുറമെ പോലീസ്, ഫയർഫോഴ്സ് |

| | | | |
|---|---|---|---|
| | | | തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും,ഡോക്ടർ, അഡ്വക്കേറ്റ്, ഐ.ടി, ബിസിനസ്, കൃഷി തുടങ്ങി സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ളവരും ഈ സേവന രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ